<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>തമിഴ് ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തമിഴ് ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തമിഴ് സെക്കൻഡ് ലാംഗ്വേജ് ഉള്ള സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷാർത്ഥികൾക്ക് തന്നെ തമിഴ് രണ്ടാം ഭാഷയായിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് വെബ്സെറ്റിൽ കാണാവുന്ന താണ്. അതിനാൽ തമിഴ് രണ്ടാം ഭാഷയായി വേണ്ട അപേക്ഷകർക്ക് പ്രസ്തുത സ്കൂളുകൾ മാത്രം ഓപ്ഷനായി അപേക്ഷയിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | ഇടുക്കി ജില്ലയിൽ 2023 -24 അധ്യയനവർഷത്തിൽ തമിഴ് ഭാഷാന്യൂനപക്ഷങ്ങളിൽ ഉൾപ്പെടുന്ന എത്ര കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിൽ 2023-24 അധ്യയന വർഷത്തിൽ തമിഴ് മീഡിയത്തിൽ 657 കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളത്. ടി കുട്ടികൾ എല്ലാവരും തമിഴ് ന്യൂനപക്ഷത്തിൽപ്പെട്ടവരാണോ എന്ന വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പീരുമേട് മണ്ഡലത്തിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് സെക്കൻഡ് ലാംഗ്വേജായി തമിഴ് ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകർ ഉള്ളത്; വിശദമാക്കാമോ; | (സി) | പീരുമേട് മണ്ഡലത്തിലെ സെന്റ് സെബാസ്റ്റ്യൻസ് എച്ച് എസ് എസ് ചീന്തലാർ (എയ്ഡഡ്) സ്കൂളിൽ സെക്കന്റ് ലാംഗ്വേജ് തമിഴ് ഭാഷ പഠിപ്പിക്കുന്നതിന് ഒരു അധ്യാപകൻ (സ്ഥിരം) ഉണ്ട്. പീരുമേട് മണ്ഡലത്തിൽ എയ്ഡഡ് മേഖലയിൽ തമിഴ് പഠിപ്പിക്കുന്ന ഏക ഹയർ സെക്കന്ററി സ്കൂൾ ആണ് സെന്റ് സെബാസ്റ്റ്യൻസ് എച്ച് എസ് എസ് ചീന്തലാർ. |
| (ഡി) | പ്ലസ് വൺ പ്രവേശനത്തിന് ഏകജാലകം വഴി തമിഴ് ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾ അപേക്ഷ നൽകുമ്പോൾ സെക്കൻഡ് ലാംഗ്വേജായി തമിഴ് ഭാഷ പഠിപ്പിക്കുന്ന അധ്യാപകരുള്ള സ്കൂളുകളിൽ തന്നെ പ്രവേശനം ലഭിക്കുവാൻ ഏകജാലക സോഫ്റ്റ്‌വെയറിൽ ക്രമീകരണം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ഡി) | ഏർപ്പെടുത്തിയിട്ടുണ്ട്. തെര ഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഓപ്പൺ മെറിറ്റിന്റെ 5% സീറ്റുകൾ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി (തമിഴും കന്നഡയും മാത്രം) സംവരണം ചെയ്തിട്ടുണ്ട്. ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷാർത്ഥികൾക്ക് തന്നെ തമിഴ് രണ്ടാം ഭാഷയായിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ കാണാവു ന്നതാണ്. അതിനാൽ തമിഴ് രണ്ടാം ഭാഷയായി വേണ്ട അപേക്ഷകർ പ്രസ്തുത സ്കൂളുകൾ മാത്രം ഓപ്ഷനായി |

| | | | |
|---|---|---|---|
| | | | അപേക്ഷയിൽ ഉൾക്കൊള്ളിച്ചാൽ മെറിറ്റടിസ്ഥാനത്തിൽ അലോട്ട്മെന്റ് ലഭിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ